കുറ്റാന്വേഷണ രീതി

* 280 [990] ശ്രീ. പി. പി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് കുറ്റാന്വേഷണ രീതിയുടെ പോരായ്മകൊണ്ട് പല കുറ്റങ്ങളും തെളിവില്ലാതേയും ശിക്ഷിക്കപ്പെടാതെയും പോകുന്നുണ്ടെന്നുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുറ്റാന്വേഷണങ്ങളുടെ രീതിയിൽ എന്തെങ്കിലും പുതിയ സമീപനം പോലീസ് വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) ശാസ്ത്രീയമായ മാർഗ്ഗങ്ങളിൽ കുറ്റാന്വേഷണം നടത്തുന്നതിനെക്കുറിച്ചാലോചിക്കാൻ ഇയ്യിടെ തൃശ്ശൂരിൽവെച്ച് പോലീസ് ഉദ്യോഗസ്ഥൻമാരുടെ ഒരു കോൺഫറൻസ് നടത്തുകയുണ്ടായോ ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ):

(എ) ഇല്ല.

(ബി) കുറ്റാന്വേഷണപ്രവർത്തനത്തിൽ, കൂടുതലായി ശാസ്ത്രീയ സമീപനം സ്വീകരിച്ചുകൊണ്ടിരിക്കുകയും, അതിനുവേണ്ടി ഫോറൻസിക്കു മെഡിസിനിലെയും, ഫോറൻസിക്കു ശാസ്ത്രത്തിലെയും വിദഗ്ദ്ധൻമാരുടെ ഉപദേശങ്ങൾ ആരായുകയും ചെയ്യാറുണ്ട്.

(സി) തൃശ്ശൂരിൽ നടന്ന പോലീസു ഡ്യൂട്ടി മീറ്റിനോടനുബന്ധിച്ച്, കുറ്റാന്വേഷണത്തിൽ ശാസ്ത്രീയമായ സമീപനത്തിനു പ്രോൽസാഹനം നൽകാൻവേണ്ടി മൽസരത്തിൽ സംബന്ധിക്കാനെത്തിയ ഉദ്യോഗസ്ഥൻമാർക്കുവേണ്ടി ഈ ശാസ്ത്രോപാധിയെക്കുറിച്ച് ഒരു പാനൽ ചർച്ച നടത്തുകയുണ്ടായി.

ശ്രീ. പി. പി. ജോർജ്: തൃശ്ശൂരിൽ നടന്ന കാൺഫ്രൻസിൽ പ്രത്യേകമായിട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: പ്രത്യേകമായിട്ടു എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ എന്ന വിവരം ഇപ്പോൾ കൈവശമില്ല.

ശ്രീ. പി. പി. ജോർജ്: ശാസ്ത്രീയമായ വിജ്ഞാനത്തിലൂടെ കുറ്റാന്വേഷണം നടത്തുന്ന സംരംഭം എത്രത്തോളം പുരോഗമിച്ചിട്ടുണ്ട് ?

ശ്രീ. എം. കെ. കൃഷ്ണൻ: എത്രമാത്രം പുരോഗമിച്ചിട്ടുണ്ടെന്നു ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: ചാറ്റർജി കമ്മിറ്റി റിപ്പോർട്ടിൽ കുറ്റാന്വേഷണം സംബന്ധിച്ച ചില പരിഷ്കാരങ്ങൾ നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ: ചാറ്റർജി കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചു എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വാമദേവൻ: കുറ്റാന്വേഷണത്തിനായി ശാസ്ത്രീയമായ ഉപരിപരിശീലനം കഴിഞ്ഞ് മടങ്ങിവന്ന ഒരുയർന്ന പോലീസുദ്യോഗസ്ഥനെ, കുറ്റാന്വേഷണ വകുപ്പിൽനിന്നു മാറ്റി മറ്റേതെങ്കിലും വകുപ്പിൽ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ: ഉണ്ടെന്നു തോന്നുന്നില്ല; ഉണ്ടെന്നു പറഞ്ഞാൽ അന്വേഷിക്കാം.

ശ്രീ. കെ. സി. വാമദേവൻ: കുറ്റാന്വേഷണ വകുപ്പിൽ ഉപരിപരിശീലനം കഴിഞ്ഞു മടങ്ങിവന്ന ശ്രീ. സൈമൺ മാഞ്ഞൂരാനെ പോലീസു വകുപ്പിൽനിന്ന്, ഇലക്ട്രിസിറ്റി ബോർഡിൽ ഇടുക്കിയിലേക്കു സെക്യൂരിറ്റി ആഫീസറായി മാറ്റി നിയമിച്ച വിവരം അറിയാമോ ?

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. സൈമൺ മാഞ്ഞൂരാനെ ഇലക്ട്രിസിറ്റി ബോർഡിലേക്കു ആ വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ചാണ് അദ്ദേഹത്തിന്റെ സേവനം വിട്ടുകൊടുത്തത്.

ശ്രീ. കെ. സി. വാമദേവൻ: കുറ്റാന്വേഷണ വകുപ്പിൽ ജോലി നോക്കിയിരുന്ന ആളെ അങ്ങോട്ടു മാറ്റി നിയമിക്കുകയല്ലേ ചെയ്തത് ?

ശ്രീമതി കെ. ആർ. ഗൗരി: മി. സൈമൺ മാഞ്ഞൂരാൻ ആലപ്പുഴെ ഡി.എസ്.പി. ആയിരുന്നു. അദ്ദേഹത്തിന്റെ ഇഷ്ടാനുസരണമാണ് ഈ നിയമനം നടത്തിയിട്ടുള്ളത്.

ശ്രീ. കെ. സി. വാമദേവൻ: കുറ്റാന്വേഷണം സംബന്ധിച്ച വിദഗ്ദ്ധ പരിശീലനത്തിനായി സ്കാൻഡുനേവിയയിൽ പോയി മടങ്ങിവന്ന പോലീസുദ്യോഗസ്ഥന്റെ സേവനം ആ വകുപ്പിനു പ്രയോജനപ്പെടുത്താതിരുന്നതു ശരിയാണെന്നു കരുതുന്നുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി: പോലീസ് ആഫീസറൻമാരുടെ ഗ്രേഡേഷൻ ലിസ്റ്റനുസരിച്ചു അവർക്കു ചില പ്രമോഷൻ സാദ്ധ്യതയുണ്ട്. ചില പോസ്റ്റിലേക്കു അങ്ങനെ പ്രമോഷൻ നൽകാൻ സാധിക്കുകയില്ല. ഡി.എസ്.പി. പോസ്റ്റിനു മുകളിൽ റൈംബ്രാഞ്ചിൽ പ്രമോഷൻ നൽകാൻ സാദ്ധ്യതയില്ലാതെ വന്നു. പ്രത്യേകമായിട്ടു ആ വിഭാഗത്തെ സംഘടിപ്പിക്കാതെ പ്രമോഷൻ ലിസ്റ്റനുസരിച്ചു മുകളിലേക്കു നിയമിക്കാൻ സാദ്ധ്യമല്ല.

ശ്രീ. കെ. കരുണാകരൻ: കുറ്റാന്വേഷണം വിദഗ്ദ്ധമായി നടത്തണമെങ്കിൽ, ഇത്തരം വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥൻമാരുടെ സേവനം പ്രയോജനപ്പെടുത്താൻ ഉതകത്തക്കവിധം വേണ്ടിവന്നാൽ പ്രമോഷനു സാദ്ധ്യതയുണ്ടാക്കാൻ നടപടി സ്വീകരിക്കരുതോ ?

ശ്രീമതി കെ. ആർ. ഗൗരി: മി. കരുണാകരൻ തെറ്റിദ്ധാരണകൊണ്ടു പറയുന്നതാണ്. റൈംബ്രാഞ്ച് പോലീസു വകുപ്പിൽ മൊത്തത്തിൽ പെടുന്നതാണ്. പോലീസ് വകുപ്പിലേക്കു പൊതുവെ ഒരു ഗ്രേഡേഷൻ ലിസ്റ്റാണുള്ളത്. പ്രത്യേകം വകുപ്പായിട്ടു സംഘടിപ്പിച്ചാൽ മാത്രമേ പ്രമോഷനു സാദ്ധ്യതയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: ഒരു ഡിപ്പാർട്ടുമെൻറിൽ വിദഗ്ദ്ധസേവനത്തിനുവേണ്ടി, കുറ്റാന്വേഷണ പരിശീലനത്തിനു വിദേശത്തേക്കയച്ചതാണ്. പരിശീലനം കഴിഞ്ഞു വന്നതിനുശേഷം ആ ഉദ്യോഗസ്ഥൻറെ വിദഗ്ദ്ധ സേവനം പ്രയോജനപ്പെടുത്താതെ പ്രത്യേക വൈരാഗ്യമുള്ളതുപോലെ മറ്റു വകുപ്പിലേക്കു അയച്ചതു ശരിയാണോ ?

ശ്രീമതി കെ. ആർ. ഗൗരി: വിദഗ്ദ്ധ പരിശീലനം കഴിഞ്ഞു മടങ്ങിവന്നപ്പോൾ—ശ്രീ. പി. ടി. ചാക്കോയാണെന്നാണ് എൻറെ ഓർമ്മ—തിരുവനന്തപുരം സിറ്റി കമ്മീഷണരായിട്ടാണ് ശ്രീ. സൈമൺ മാഞ്ഞൂരാനെ നിയമിച്ചത്. അതു എന്തെങ്കിലും പ്രത്യേക വൈരാഗ്യം ഉണ്ടായിട്ടാണോ എന്നു നിശ്ചയമില്ല.

ശ്രീ. കെ. കരുണാകരൻ: കുറ്റാന്വേഷണം ശരിയായി നടത്താൻ ആ കാര്യത്തിൽ വൈദഗ്ദ്ധ്യം നേടിയ ഉദ്യോഗസ്ഥൻറെ സേവനം എന്തുകൊണ്ട് ഉപയോഗപ്പെടുത്തിയില്ല ?

ശ്രീമതി കെ. ആർ. ഗൗരി: അതിനു ഞാൻ മറുപടി പറഞ്ഞു.

ഡപ്യൂട്ടി സ്പീക്കർ: വൈദഗ്ദ്ധ്യമുള്ളവരെ എന്തുകൊണ്ട് ഉപയോഗിക്കുന്നില്ലെന്നാണു ചോദ്യം.

ശ്രീമതി കെ. ആർ. ഗൗരി: പോലീസു വകുപ്പിലെ ഗ്രഡേഷൻ ലിസ്റ്റനുസരിച്ച് ഡി. എസ്. പി.യെ പ്രമോട്ടുചെയ്തു ഡി. ഐ. ജി. ആക്കാനുള്ള സാദ്ധ്യതയില്ലാതിരുന്നതിനാലാണ് ശ്രീ. സൈമൺ മാഞ്ഞൂരാൻറെ സമ്മതത്തോടുകൂടി അദ്ദേഹത്തെ ഇലക്ട്രിസിറ്റി ബോർഡിലേക്കു മാറ്റിയത്.

ശ്രീ. കെ. എം. ജോർജ്: കുറ്റാന്വേഷണ വകുപ്പിനു പ്രയോജനപ്പെടുത്തുവാൻ അല്ലെങ്കിൽ ഈ ഉദ്യോഗസ്ഥനെ സ്ക്കോട്ടുലാൻറു യാർഡിൽ വിദഗ്ദ്ധമായ പരിശീലനത്തിനയച്ചതു എന്തിനാണ് ? വേറെ വല്ല ഉദ്ദേശവും വച്ചുകൊണ്ടാണോ ?

ശ്രീമതി കെ. ആർ. ഗൗരി: വേറെ വല്ല ഉദ്ദേശവും ഉണ്ടായിരുന്നോ എന്ന് റിക്കാർഡുകൾ നോക്കിയാലെ പറയുവാൻ സാധിക്കുകയുള്ളൂ. 1960—ലാണ് അയച്ചതെന്നു തോന്നുന്നു. ഉദ്ദേശം എന്തായിരുന്നുവെന്നു അന്നത്തെ ഫയൽ നോക്കിയാലെ പറയുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. എം. ജോർജ്: ശ്രീ. സൈമൺ മാഞ്ഞൂരാനെ സെക്യൂരിറ്റി ആഫീസറായി അയച്ചതുകാരണം വളരെ വലിയ തുക ചെലവാക്കി അദ്ദേഹത്തെ ഉപരിപരിശീലനാർത്ഥം സ്ക്കോട്ടുലാൻറു യാർഡിൽ അയച്ചിട്ടു ആ വൈദഗ്ദ്ധ്യം ഇവിടെ പ്രയോഗിക്കുവാൻ സാധിക്കാതെ വരുമെന്നുള്ളതു കണക്കാക്കി ഈ വകുപ്പിൽതന്നെ അദ്ദേഹത്തെ വീണ്ടും നിയമിക്കുവാൻ നടപടിയെടുക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി: അതിനു മറുപടി ഇപ്പോൾ പറയുവാൻ കഴിയുകയില്ല.

ശ്രീ. കെ. എം. ജോർജ്: ശാസ്ത്രീയമായി കുറ്റാന്വേഷണ വൈദഗ്ദ്ധ്യം നേടുന്നതിനു ഉദ്യോഗസ്ഥൻമാരെ അയച്ചു പരിശീലനം

നേടിയാൽ അവരുടെ സേവനം ഈ വകുപ്പിനു കിട്ടാത്ത സാഹചര്യമാണുള്ളത്. ഒരാൾ കുറ്റം ചെയ്താൽ പോലീസ് ഉദ്യോഗസ്ഥൻമാർക്കു നിഷ്പക്ഷമായി നിയമാനുസൃതമായി നടപടികളെടുക്കുവാൻ സാധിക്കുന്ന സാഹചര്യം ലഭിക്കുന്നില്ല എന്ന കാര്യം പരിഗണിച്ചു നിഷ്പക്ഷമായും നിയമാനുസൃതമായും അന്വേഷണം നടത്തുവാനുള്ള സാഹചര്യം പോലീസ് ഉദ്യോഗസ്ഥൻമാർക്കുണ്ടാക്കി കൊടുക്കുവാൻ ശ്രമിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി: നിയമാനുസരണവും നിഷ്പക്ഷവുമായിട്ടല്ല പോലീസ് ഉദ്യോഗസ്ഥൻമാർ നടപടികൾ നടത്തുന്നതെന്നുള്ള ആരോപണം ഇതുവരെ ഉണ്ടായിട്ടില്ല. ഒറ്റ ഒരാളെപ്പറ്റിയും ഉണ്ടായിട്ടില്ല. ആരുടെയെങ്കിലും പേരിൽ ആരോപണമുണ്ടെങ്കിൽ ഇന്നയാൾ നിഷ്പക്ഷമായിട്ടല്ല പെരുമാറിയത്, ഇന്നയാൾ അയാളുടെ ജോലി ശരിയായി ചെയ്യുന്നില്ല എന്നു പറഞ്ഞാൽ അതു പ്രത്യേകമായി അന്വേഷിക്കുന്നതാണ്.

ശ്രീ. മറ്റപ്പള്ളി മജീദ്: കേരള സംസ്ഥാനത്തെ കുറ്റാന്വേഷണ വകുപ്പു പുനഃസംഘടിപ്പിക്കുന്നതിനു ഈ ഗവൺമെൻറു തയ്യാറാകുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: അതേപ്പറ്റി ആലോചിച്ചിട്ടേ മറുപടി പറയുവാൻ കഴിയുകയുള്ളു.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: ശ്രീ. സൈമൺ മാഞ്ഞൂരാനെ 1961-ലാണ് ട്രെയിനിംഗിനായി സ്കോട്ടുലാൻറു യാർഡിൽ അയച്ചത്. അതു കഴിഞ്ഞു അദ്ദേഹം തിരിച്ചുവന്നപ്പോൾ അന്നത്തെ ഗവൺമെൻറു അദ്ദേഹത്തെ പിയേഴ്സ് ലെസ്ലി കമ്പനിയിലെ ജനറൽ മാനേജരായിട്ടാണ് നിയമിച്ചതെന്ന കാര്യം അറിയാമോ ?

ശ്രീമതി കെ. ആർ. ഗൗരി: മെമ്പറൻമാർക്കു അറിയാവുന്നതുപോലെ എനിക്കറിവില്ല. ഒരുപക്ഷേ പിയേഴ്സ് ലെസ്ലി കമ്പനിയിലെ കുറ്റാന്വേഷണം നടത്താനായിരിക്കാം.

ശ്രീ. കെ. എം. മാണി: കുറ്റാന്വേഷണ കാര്യത്തിൽ നമ്മുടെ നാട്ടിലെ പോലീസുകാർ വൈദഗ്ദ്ധ്യത്തിൽ ഒട്ടും പിന്നിലല്ല. ഏതെങ്കിലും വിധത്തിൽ അവർക്കു അതിനു കഴിയാതെ പോകുന്നുവെങ്കിൽ അതു കുറ്റാന്വേഷണ കാര്യത്തിൽ അവർക്കു സ്വതന്ത്രമായ നടപടി നടത്താനുള്ള പരിതഃസ്ഥിതി ലഭിക്കാത്തതുമൂലമാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ? അങ്ങനെയുള്ള പരിതഃസ്ഥിതിയുണ്ടെങ്കിൽ അതു മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നു പോലീസ്മന്ത്രിക്കു ഉറപ്പു തരാൻ സാധിക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: കുറ്റാന്വേഷണത്തിനു തടസ്സമായിട്ടുള്ള സാഹചര്യം ഉണ്ടെന്നുള്ള വിവരം ഈ ഗവൺമെൻറിനറിവില്ല.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെയൊരു സാഹചര്യം ഈ സംസ്ഥാനത്തുണ്ടെന്നുള്ള ആരോപണത്തെ നിഷേധിക്കുകയും ചെയ്യുന്നു.

ശ്രീ. എം. കൃഷ്ണൻ: തെളിവില്ലാതെ വരുന്ന പല കേസുകളും ക്രൈം ബ്രാഞ്ചിനെ ഏൽപിക്കുകയാണ് ചെയ്യുന്നത്. ആ കേസുകളിൽ തെളിഞ്ഞുവരുന്നതു എത്ര ശതമാനമുണ്ടെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ: എത്ര ശതമാനം തെളിഞ്ഞുവരുന്നുവെന്നു ഇപ്പോഴും പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: ഇടുക്കി പദ്ധതി പ്രദേശത്തു ഹിന്ദുസ്ഥാൻ കമ്പനിക്കാരുടേയും കൺട്രാക്ട്രൻമാരുടേയും ലക്ഷക്കണക്കിനു രൂപ വിലപിടിക്കുന്ന സാധനങ്ങൾ മോഷ്ടിക്കപ്പെടുന്നതു കൊണ്ടും,എൻജിനീയറൻമാരുടേയും കൺട്രാക്ട്രൻമാരുടേയും ജീവൻതന്നെ അപകടത്തിൽ ആയതുകൊണ്ടു സ്ക്കോട്ടുലാൻറു യാർഡിൽ ഉയർന്ന പരിശീലനം നേടി തിരിച്ചെത്തിയ സൈമൺ മാഞ്ഞൂരാനെ ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ അവിടെ നിയമിച്ചതു കുറ്റമല്ല എന്നറിയാമോ ?

ശ്രീമതി കെ. ആർ. ഗൗരി: ആരുടെയെങ്കിലും ജീവൻ അപകടത്തിലാണെന്നുള്ള ആരോപണം നിഷേധിക്കുന്നു. ആരുടേയും ജീവൻ അപകടത്തിലല്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ സെക്യൂരിറ്റി ആവശ്യങ്ങൾക്കു അദ്ദേഹത്തിന്റെ സേവനം ആവശ്യമാണെന്നു ആവശ്യപ്പെടുകയും ആ കാര്യം ഡിപ്പാർട്ടുമെൻറുമായിട്ടു ആലോചിക്കുകയും ചെയ്തു. ഐ. ജി. യുമായി ആലോചിച്ചു. അതിനുശേഷം ഈ ഉദ്യോഗസ്ഥനോടു സമ്മതം ചോദിച്ചു. അവരെല്ലാം സമ്മതിച്ചതിനു ശേഷമാണ് അദ്ദേഹത്തെ ഇലക്ട്രിസിറ്റി ബോർഡിലേയ്ക്കു വിട്ടുകൊടുത്തത്. പിന്നെ ഇടുക്കിയിൽ അദ്ദേഹം സേവനം നടത്തുന്നുവെന്നു പറയുന്നതു ശരിയല്ല. അദ്ദേഹത്തിന്റെ ആഫീസ് തിരുവനന്തപുരത്താണ്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അതു തെറ്റായ വിവരമാണ്. അദ്ദേഹത്തിന്റെ ആഫീസ് ഇടുക്കിയിൽതന്നെയാണ്.

ശ്രീ. കെ. കരുണാകരൻ: ഞങ്ങൾ ഗവൺമെൻറിനോടാണ് ചോദിക്കുന്നത്. രണ്ടു മന്ത്രിമാർ രണ്ടു നിലയിൽ ഉത്തരം പറഞ്ഞാൽ ഏതുത്തരം സ്വീകരിക്കണം ?

ഡെപ്യൂട്ടി സ്പീക്കർ: രണ്ടു മന്ത്രിമാർ ഉത്തരം പറഞ്ഞിട്ടുള്ളതിൽ ഏതാണ് ശരിയായ ഉത്തരം ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: രണ്ടും ശരിയാണ്. ശ്രീ. സൈമൺ മാഞ്ഞൂരാനെ നിയമിച്ചപ്പോൾ ആദ്യം അദ്ദേഹത്തിന്റെ ആഫീസ് തിരുവനന്തപുരത്തായിരുന്നു. ഇപ്പോൾ അദ്ദേഹത്തെ ഇടുക്കിയിലോട്ടു മാറ്റിയിട്ടുണ്ട്. ആ വിവരം മനസ്സിലാക്കാതെയാണ് ബഹുമാനപ്പെട്ട റവന്യൂ മന്ത്രി ഉത്തരം പറഞ്ഞത്.

ശ്രീ. ഓ. കോരൻ: കുറ്റാന്വേഷണത്തിനായി പോലീസ് നായ്ക്കളെ ഉപയോഗിക്കുന്നുണ്ടോ ? ഉപയോഗിക്കുന്നുണ്ടെങ്കിൽ അതുകൊണ്ടു കൂടുതൽ ഫലപ്രദമായി നടത്താൻ സാധിച്ചിട്ടുണ്ടെന്നു ഗവൺമെൻറിനു ബോദ്ധ്യം വന്നിട്ടുണ്ടോ ? കുറെക്കൂടി വിപുലമായി നടത്താൻ ഗവൺമെൻറു തയ്യാറാകുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: കുറ്റങ്ങൾ അന്വേഷിച്ചു കണ്ടുപിടിക്കുന്നതിനായി ആവശ്യമായ വിധത്തിൽ വിപുലപ്പെടുത്തുവാൻ ഗവൺമെൻറു തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. അബൂബേക്കർ: പോലീസ് ഡിപ്പാർട്ടുമെന്റിലെ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ നിഷ്പക്ഷമായി പ്രവർത്തിക്കുന്നില്ല എന്നും പക്ഷപാതപരമായി പെരുമാറുന്നുവെന്നും ചൂണ്ടിക്കാണിച്ചാൽ നടപടിയെടുക്കാമെന്നു പ്രസ്താവിക്കുകയുണ്ടായി. കോഴിക്കോട്ടു ഡി. എസ്. പി. ഇങ്ങനെ പക്ഷപാതപരമായി പെരുമാറുന്നുവെന്നു പരാതി ലഭിച്ചിട്ടുണ്ടോ; അതു സംബന്ധിച്ചു ഗവൺമെന്റു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ: അങ്ങനെ കോഴിക്കോട്ടു ഡി. എസ്. പി. പക്ഷപാതപരമായി പെരുമാറുന്നുവെന്നു യാതൊരു മെമ്മോറാണ്ടവും ഗവൺമെന്റിനു കിട്ടിയിട്ടില്ല.

ശ്രീ. പി. എം. അബൂബേക്കർ: കോഴിക്കോട്ടു ഡി.എസ്.പി. കോടഞ്ചേരി വനം കയ്യേറ്റത്തിൽ പക്ഷപാതപരമായി പെരുമാറുന്നുവെന്നു നാലിലധികം രാഷ്ട്രീയ പാർട്ടികളും ഒന്നിച്ചു നിവേദനം ബഹുമാനപ്പെട്ട മന്ത്രിക്കു സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ: കോടഞ്ചേരിയിലെ സംഭവ വികാസങ്ങളെപ്പറ്റി പരാതി വന്നിട്ടുണ്ട്. എന്നാൽ ഡി. എസ്. പി. പക്ഷപാതപരമായി പ്രവർത്തിച്ചുവെന്നു അതിൽ പറഞ്ഞിട്ടില്ല.

ശ്രീ. ഇ. അഹമ്മദ്: പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥൻമാർ കുറ്റാന്വേഷണത്തിനു പറ്റാത്തവരെന്നു കാണുമ്പോഴാണോ മറ്റു വിധത്തിൽ അവരെ അയക്കുന്നത്. കുറ്റാന്വേഷണ വിഭാഗത്തിൽ പ്രവർത്തിക്കുവാൻ പ്രത്യേക യോഗ്യത വല്ലതും കണക്കിലെടുക്കാറുണ്ടോ? അതോ പൊതുവായ നിയമനമാണോ ?

ശ്രീ. എം. കെ. കൃഷ്ണൻ: അതു നോക്കിയാൽ മാത്രമേ പറയുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഇന്നത്തെ കുറ്റാന്വേഷണ രീതിയിൽ പല ന്യൂനതകളും ഉണ്ട്. ഇന്നത്തെ കുറ്റാന്വേഷണം വേണ്ടവിധത്തിൽ നടക്കാത്തതിന്റെ ഫലമായി എം. എൽ. എ. ക്വാർട്ടേഴ്സിലും തൈയ്ക്കാട് ഗസ്റ്റ്ഹൗസിലും പല മോഷണങ്ങളും തുടർച്ചയായി നടന്നുവരികയാണ്. നമ്മുടെ സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള കുറ്റാന്വേഷണ രീതിയിൽ പോരായ്മകളുള്ളതുകൊണ്ട് പല ദോഷങ്ങളും ഉണ്ടാകുന്നുണ്ടെന്നുള്ളതിന് ഞാൻ പല ഉദാഹരണങ്ങളും പറയാം. ഈയിടെ എം. എൽ. എ. ക്വാർട്ടേഴ്സിൽവച്ച് ശ്രീ. ഇ. ജോൺ ജേക്കബിന്റെ 750 രൂപ മോഷണം പോയിട്ടുണ്ട്, വി. പി. സി. തങ്ങളുടെ വക അഞ്ഞൂറോളം രൂപ വിലവരുന്ന ഒരു വാച്ച് മോഷണം പോയിട്ടുണ്ട്, പി. പി. ജോർജിന്റെ വക അഞ്ഞൂറോളം രൂപ വിലവരുന്ന ഒരുവാച്ച് മോഷണം പോയിട്ടുണ്ട്, അപ്പു മാസ്റ്റർക്ക് ഏതാണ്ടൊക്കെ ഉണ്ടായിരുന്നത് എല്ലാം പോയി, ഗണപതിയുടെ ഏതാണ്ടോ പോയി; ഇങ്ങനെയെല്ലാം സംഭവിക്കുന്നതുകൊണ്ട് എം. എൽ. എ. മാർക്ക് സ്വസ്ഥമായിട്ട് എം. എൽ. എ. ക്വാർട്ടേഴ്സിലും മറ്റും താമസിക്കുവാൻ സാധിക്കുന്നില്ല. പോലീസു മന്ത്രിയായാലും മറേറത് മന്ത്രിയായാലും ഇത് ഇല്ലായ്മ ചെയ്യുന്നതിന് എം. എൽ. എ. ക്വാർട്ടേഴ്സിനു ചുറ്റും പത്തിരുപത് നല്ല ഗവൺമെന്റു പട്ടികളെ കൊണ്ടുചെന്ന് നിറുത്തിയാലും വേണ്ടില്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, ശ്രീ. എൻ. കെ. ശേഷൻ .....

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഞാൻ ചോദിച്ച ചോദ്യത്തിനുത്തരം കിട്ടിയിട്ടില്ല.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ചോദ്യമല്ലല്ലോ ചോദിച്ചത്. പ്രസ്താവന ചെയ്യുകയല്ലേ ചെയ്തത്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഞാൻ ചോദിച്ചത് ചോദ്യം തന്നെയാണ്. കുറ്റാന്വേഷണം വേണ്ടപോലെ നടക്കാത്തതിന്റെ ഫലമായി എം. എൽ. എ. ക്വാർട്ടേഴ്സിൽനിന്നും ഇന്നാരുടെ ഇന്നാരുടെ എല്ലാം മുതൽ കട്ടുകൊണ്ടുപോയിയെന്നും അതിനെസംബന്ധിച്ച് പോലീസ് മന്ത്രിയോ മറ്റേതെങ്കിലും മന്ത്രിമാരോ അന്വേഷിച്ച് വേണ്ട നടപടികൾ എടുക്കുമോയെന്നുമാണ് ഞാൻ ചോദിച്ചത് ?

ശ്രീ. എം. കെ. കൃഷ്ണൻ: എം. എൽ. എ. ക്വാർട്ടേഴ്സിൽ ഉണ്ടായ സംഗതികളെസംബന്ധിച്ച് കർശനമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. എൻ. കെ. ശേഷൻ: ഗ്രഡേഷൻ ലിസ്റ്റു അനുസരിച്ച് ഡി. എസ്. പി. യായിരുന്ന സൈമൺ മാഞ്ഞൂരാനെ ഡി. ഐ. ജി. യായി പ്രമോട്ടുചെയ്യാൻ സാധിക്കുകയില്ലെന്നു പറയുകയുണ്ടായി. എന്നാൽ ഇപ്പോൾ അദ്ദേഹത്തെ ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ സെക്യൂരിറ്റി ഓഫീസറായി നിയമിച്ചിരിക്കുകയാണെന്നും പറഞ്ഞു. ഈ പോസ്റ്റു അദ്ദേഹത്തിന് അർഹതയുള്ള ഗ്രേഡിൽനിന്നും ഉയർന്നതാണോ താഴ്ന്നതാണോ ?

ശ്രീമതി കെ. ആർ. ഗൗരി: ഗ്രേഡൊന്നും കൂടിയിട്ടില്ല. അലവൻസിൽ എന്തോ കൂട്ടി കൊടുത്തിട്ടുണ്ട്.

പൊതുമേഖലാവ്യവസായങ്ങൾ

* 281 [991] ശ്രീ. പി. പി. വിൽസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പൊതുമേഖലാവ്യവസായങ്ങളുടെ നടത്തിപ്പിനെപ്പറ്റി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമിച്ചിരുന്ന കൃഷ്ണപിള്ള കമ്മീഷൻ റിപ്പോർട്ട് ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെൻറ് എന്തു നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത റിപ്പോർട്ട് അംഗങ്ങളുടെ അറിവിനായി വിതരണം ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്): (എ) പൊതുമേഖലയിൽ വ്യവസായങ്ങളുടെ നടത്തിപ്പിനെപ്പറ്റി പരിശോധിക്കുന്നതിനു വേണ്ടിയായിരുന്നില്ല കൃഷ്ണപിള്ള കമ്മീഷനെ നിയമിച്ചത്. ഗവൺമെൻറ് ഉടമയിലുള്ള കമ്പനികളിലെ സ്റ്റാഫിന്റെ സേവനവ്യവസ്ഥയും ശമ്പളവും

LIBRARY ARCHIVES Kerala Legislative Assembly